നം. 12392/എം3/99/പ.ജ.പ.വ.വി.
തിരുവനന്തപുരം, തീയതി, 29/4/2000

സർക്കുലർ

വിഷയം:- പട്ടികജാതി പട്ടികവർഗ്ഗ വികസനം - ശാലിയ സമുദായവും ചാലിയ സമുദായവും ഒന്നുതന്നെയാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശാലിയ എന്ന സമുദായത്തിൽപ്പെടുന്ന ഒരു വിഭാഗം ആളുകൾ അവരുടെ എസ്.എസ്.എൽ.സി ബുക്കിൽ ശാലിയ എന്നതിനു പകരം ചാലിയ എന്ന് രേഖപ്പെടുത്തിയതു കാരണം അവർ സർട്ടിഫിക്കറ്റും മറ്റും ഹാജരാക്കുമ്പോൾ രണ്ടും ഒരേ സമുദായമാണെന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടിവരുന്നതായും ഇത് വില്ലേജ് ഓഫീസർമാർക്ക് വൈഷമ്യം ഉണ്ടാകുന്നതായും ഇതുമൂലം ഈ വിഭാഗക്കാർക്ക് വിഷമം ഉണ്ടാകുന്നതായും പരാതി കിട്ടുകയുണ്ടായി. ചാലിയ സമുദായങ്ങൾ ശാലിയ സമുദായക്കാർ തന്നെയാണെന്ന് ഉത്തരവാകണമെന്നും പരാതിക്കാർ അപേക്ഷിച്ചിട്ടുണ്ട്.

2. പൊതു സർവീസിലേയ്ക്കുള്ള മറ്റു പിന്നോക്ക സമുദായങ്ങളുടെ പട്ടികയിൽ 56-ാം ക്രമനമ്പരായി ചേർത്ത ശാലിയയും വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിലെ 121-ാം നമ്പരായി ചേർത്തിട്ടുള്ള ശാലിയർ, പത്മശാലി, പട്ടുശാലി, തൊഗട്ട, കാർണിഭക്തുല, സേനാപതിലു ശാലി ശാലെ, കാരികാലഭക്തുലു എന്നീ സംഘങ്ങളും കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലേക്കുള്ള മറ്റ് പിന്നോക്ക സമുദായങ്ങളുടെ പട്ടികയിൽ 54-ാം ക്രമനമ്പരായി ചേർത്തിരിക്കുന്ന ശാലിയ എന്ന സംഘവും ഒരേ സമുദായത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്ന് 'കിർത്താഡ്സ്' റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ സമുദായത്തെ പ്രാദേശികമായി ശാലിയ അല്ലെങ്കിൽ ചാലിയ (ചാലിയൻ) എന്ന് അറിയപ്പെടുന്നുണ്ട്. ആയതിനാൽ ശാലിയ, ചാലിയ (ചാലിയൻ) എന്നിവ ഒരേ സമുദായമാണെന്ന് ഉത്തരവാകുന്നു.

4. ഇതനുസരിച്ച് കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് വരുത്തേണ്ടതാണ്.

എസ്. സുബ്ബയ്യ,
സെക്രട്ടറി.

എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരളാ സ്റ്റേറ്റ്
ബാക്ക്‌വേർഡ് ക്ലാസ്സ് കമ്മീഷൻ,
തിരുവനന്തപുരം
ഡയറക്ടർ, കിർത്താഡ്സ്, കോഴിക്കോട്
[illegible] വകുപ്പ്
(ഫയൽ മുഖേന, [illegible])

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ